(ബി) മുസ്ലീങ്ങൾ 47 പേർ. പിന്നോക്കവിഭാഗക്കാരെ സംബന്ധിക്കുന്ന പൂർണ്ണവിവരം ശേഖരിച്ചുവരുന്നു.

(സി, ഡി) വിദ്യാഭ്യാസ ഡയറക്ടർമാരുടെ കീഴിലുള്ള മേൽ സൂചിപ്പിച്ച തസ്തികകളിൽ പ്രമോഷൻ സീനിയോറിറ്റി അടിസ്ഥാനത്തിലാണ് നൽകുന്നത്. അതുകൊണ്ടാണ് എല്ലാ തസ്തികകളിലും മതിയായ പ്രാതിനിധ്യം ലഭിക്കാത്തത്.

കണ്ണൂർ ജില്ലയിലെ ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

1279 [2056] ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ എത്ര; അവ ഏവ;

(ബി) ഈ പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ആ നിവേദനങ്ങളുടെ മേൽ എന്തുനടപടികളാണ് സ്വീകരിച്ചത്;

(ഡി) ഈ പഞ്ചായത്തുകളിൽ സമീപഭാവിയിൽ എങ്കിലും ഹൈസ്കൂളുകൾ സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(ഇ) മുഴപ്പിലങ്ങാട് പഞ്ചായത്തിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന കാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അവിടെ ഹൈസ്കൂൾ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 27 പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ ഇല്ല. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇവയിൽ ചില പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി, ഡി) ലിസ്റ്റിലുള്ള ചില പഞ്ചായത്തുകളിൽ അടുത്ത അദ്ധ്യയന വർഷം ഹൈസ്കൂളുകൾ അനുവദിക്കാൻ നടപടി എടുത്തിട്ടുണ്ട്.

(ഇ) നിവേദനം ലഭിച്ചിട്ടുണ്ട്.

(എഫ്) കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

പറവൂരിൽ ഗവ: കോളേജ് സ്ഥാപിക്കാൻ നടപടി

1280 [2057] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ പറവൂരിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെ സംബന്ധിച്ച നിവേദനം വല്ലതും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) പ്രൈവറ്റ് എഞ്ജിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുവാൻ അപേക്ഷകൾ സമർപ്പിക്കുകയാണെങ്കിൽ ഗവ: അനുവാദം നൽകുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) വടക്കൻ പറവൂരിൽ ഒരു ഗവ: കോളേജ് തുടങ്ങുവാൻവേണ്ടി 25 ഏക്കർ സ്ഥലം സംഭാവനചെയ്യാൻ ഉത്തരവാദപ്പെട്ടവരായി ആരും തന്നെ മുന്നോട്ടു വന്നിട്ടില്ല. അതുകൊണ്ടും, പുതിയ കോളേജുകൾ നിരുൽസാഹപ്പെടുത്തണമെന്നതുകൊണ്ടും നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

(ബി) ഉണ്ട്.

(സി) കഴിവതും പിന്നോക്ക ജില്ലകളിലും മലമ്പ്രദേശങ്ങളിലും മൊഴികെ പുതിയ കോളേജുകൾ തുടങ്ങേണ്ട എന്നാണ് ഗവൺമെന്റ് കരുതുന്നത്.

അദ്ധ്യാപകർ ഇല്ലെന്ന പരാതി

1281 [2058] ശ്രീ. പി. റ്റി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ മിക്ക വിദ്യാലയങ്ങളിലേയും കടുത്ത അദ്ധ്യാപകക്ഷാമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ടി. ടി. സി. പാസായവരുടെ അഭാവത്തിൽ എസ്. എസ്. എൽ. സി. ക്കാരെ നിയമിക്കാൻ വല്ല നിർദ്ദേശവുമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവൺമെന്റ് അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ലിസ്റ്റിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം നിയമനം നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(സി) ടി. ടി. സി. പാസായവരുടെ അഭാവത്തിൽ കുറഞ്ഞത് പ്രീ-ഡിഗ്രി പരീക്ഷായോഗ്യത എങ്കിലും ഉള്ളവരെ നിയമിക്കാനാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) ടി. ടി. സി. പാസായവരുടെ അഭാവത്തിൽ പ്രീ-ഡിഗ്രി പരീക്ഷ പാസായവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം നിയമനം നടത്തുന്നതിനുവേണ്ട അധികാരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നിയമിക്കുന്നവർക്ക് പി. എസ്. സി. തിരഞ്ഞെടുത്തവർവന്ന് ജോലിയിൽ ഹാജരാകുന്നതുവരെയോ, സ്കൂൾ മദ്ധ്യവേനൽ അവധിക്കായി അടയ്ക്കുന്നതുവരെയോ ഇതിൽ ഏത് ആദ്യം സംഭവിക്കുന്നുവോ അതുവരെ തുടരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly